# പാലക്കാട് നീര പ്ലാന്റ് ശിലാസ്ഥാപനം 19ന്



കൊച്ചി: പാലക്കാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ നീര സംസ്കരണശാലയുടെ ശിലാസ്ഥാപനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി 19ന് നിർവഹിക്കും.

മുതലമട ഇടുക്കപ്പാറയിൽ രാവിലെ ഒമ്പതിന് നടക്കുന്ന ചടങ്ങിൽ പി.കെ. ബിജു എം.പി നീര കോൾഡ് സ്റ്റോറേജ് ഉദ്ഘാടനം ചെയ്യും. നീര ചെത്താൻ തെങ്ങുകൾ നൽകിയ കർഷകർക്കുള്ള പ്രതിഫലവിതരണം കെ. അച്യുതൻ എം.എൽ.എയും സാങ്കേതിക വിദഗ്ധർക്കുള്ള പ്രതിഫലവിതരണം ഹോർട്ടികോർപ് ചെയർമാൻ ലാൽ വർഗീസ് കൽപകവാടിയും നിർവഹിക്കും. വി. ചെന്താമരാക്ഷൻ, എം.എൽ.എ അധ്യക്ഷത വഹിക്കും. നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് ഐ.എ.എസ് മുഖ്യപ്രഭാഷണം നടത്തും. കാർഷിക നവീകരണ സമിതി ചെയർമാൻ കെ. കൃഷ്ണൻകുട്ടി നീര വാഹനത്തിന്റെ താക്കോൽദാനം നിർവഹിക്കും.

നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്ത പാലക്കാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി സ്വന്തമായി വാങ്ങിയ മുതലമടയിലെ സ്ഥലത്ത് നീരയും നീരയധിഷ്ഠിത മൂല്യവർധിത ഉത്പന്നങ്ങളും നിർമിക്കാനുള്ള ഫാക്ടറിയാണ് സ്ഥാപിക്കുന്നത്.